പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3145

07/11/2019-ൽ മറുപടിയ്ക്ക്

## പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം

**ചോദ്യം**

ശ്രീ ആന്റണി ജോൺ
ശ്രീ കെ. വി. വിജയദാസ്
പ്രൊഫ. കെ. യു. അരുണൻ
ശ്രീ പി. ടി. എ. റഹീം

**മറുപടി**

പ്രൊഫ.സി.രവീന്ദ്രനാഥ്
(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം കാര്യക്ഷമമായി നടപ്പാക്കിയതിന്റെ ഫലമായി പൊതുവിദ്യാലയങ്ങളുടെ അക്കാദമിക നിലവാരത്തിൽ ഉണ്ടായിട്ടുള്ള പുരോഗതി വിലയിരുത്തിയിട്ടുണ്ടോയെന്നറിയിക്കാമോ;

(എ) ഉണ്ട്. വിദ്യാർത്ഥികളുടെ ആത്മവിശ്വാസവും പഠനഗുണതയും വർദ്ധിച്ചിട്ടുണ്ട്. എസ്.എസ്.എൽ.സി പരീക്ഷയിൽ 2016 മാർച്ചിൽ വിജയ ശതമാനം 96.59 ആയിരുന്നത് 2019 മാർച്ചിൽ 98.11 ആയി മാറി. മുഴുവൻ വിഷയങ്ങളിലും 'എ പ്ലസ്സ്' ലഭിച്ച കുട്ടികളുടെ ശതമാനം 4.8 ൽ നിന്നും 2019 മാർച്ചിൽ 8.59 ശതമാനമായും ഏതെങ്കിലും ഒരു വിഷയത്തിൽ 'എ പ്ലസ്സ്' ലഭിച്ചവരുടെ ശതമാനം 72.9 ശതമാനത്തിൽ നിന്നും 79.48 ശതമാനമായും ഉയർന്നു. ഏതെങ്കിലും വിഷയത്തിൽ 'ഡി പ്ലസ്സ്' നേടിയ കുട്ടികളുടെ എണ്ണം 25.91 ശതമാനത്തിൽ നിന്നും 18.01 ശതമാനമായി കുറഞ്ഞു.

ഹയർസെക്കന്ററി തലത്തിലും ഈ മാറ്റങ്ങൾ കാണാം. 2016 മാർച്ചിൽ 80.94 ശതമാനം കുട്ടികളാണ് ഉപരിപഠനയോഗ്യത നേടിയതെങ്കിൽ 2019 മാർച്ചിൽ ഇത് 84.33 ശതമാനമായി മാറി. എൽ.എസ്.എസ്., യു.എസ്.എസ് സ്കോളർഷിപ്പ് നേടിയ കുട്ടികളുടെ എണ്ണവും സ്കോളർഷിപ്പ് പരീക്ഷ എഴുതാൻ അർഹരായ കുട്ടികളുടെ എണ്ണവും ഈ കാലഘട്ടത്തിൽ വർദ്ധിച്ചിട്ടുണ്ട്. കൂടാതെ മലയാളത്തിളക്കം, ഗണിതവിജയം തുടങ്ങി അക്കാദമിക രംഗത്ത് വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ നടക്കുമ്പോൾ പദ്ധതിയുടെ ആരംഭഘട്ടത്തിൽ കുട്ടികൾ എവിടെ നിൽക്കുന്നു എന്നും പദ്ധതിയുടെ ഫലമായി എന്ത് മാറ്റങ്ങൾ വന്നു എന്നും വിലയിരുത്താറുണ്ട്.

(ബി) പൊതുവിദ്യാഭ്യാസത്തെ അന്താരാഷ്ട്ര നിലവാരത്തിൽ എത്തിക്കുന്നതിനും വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ പൊതുജന പങ്കാളിത്തം ഉറപ്പ് വരുത്തുന്നതിനുമുള്ള എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പൊതുവിദ്യാഭ്യാസത്തെ അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്തുന്നതിനായി സമഗ്രമായ ഇടപെടലാണ് സർക്കാർ ആസൂത്രണം ചെയ്തിട്ടുള്ളത്. ഇതിന്റെ ഭാഗമായി ഭൗതിക സൗകര്യവികസനം, സ്കൂളുകളെ സാങ്കേതികവിദ്യാ സൗഹൃദമാക്കൽ, അക്കാദമിക മികവിനായുള്ള വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ, സ്കൂളിന്റെ വികസനത്തിനാവശ്യമായ എല്ലാ കാര്യങ്ങളിലും സമൂഹപങ്കാളിത്തം ഉറപ്പാക്കൽ എന്നിവയിലൂന്നിയുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു.

(സി) വിദ്യാർത്ഥികളുടെ അക്കാദമിക മികവ് എന്നതിലുപരി അവരിൽ അന്തർലീനമായ മുഴുവൻ കഴിവുകളെയും വികസിപ്പിക്കുന്നതിനും അവരുടെ സർഗവൈഭവത്തെ കണ്ടെത്തി ഉയർന്ന തലത്തിലേയ്ക്ക് എത്തിക്കുന്നതിനും പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം എപ്രകാരമാണ് പ്രയോജനപ്രദമാകുന്നതെന്ന് വ്യക്തമാക്കാമോ?

(സി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ആവിഷ്കരിച്ച സവിശേഷ പദ്ധതിയാണ് 'ടാലന്റ് ലാബ്'. ഓരോ കുട്ടിയിലും അന്തർലീനമായ സർഗ്ഗപ്രതിഭയെ കണ്ടെത്തി പരിപോഷിപ്പിക്കുക എന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. വിദ്യാഭ്യാസം എന്നത് സമഗ്രവികാസമായതു കൊണ്ട് തന്നെ കുട്ടികളിൽ അന്തർലീനമായ കഴിവുകളെ കണ്ടെത്തി അവയെ ഏറ്റവും ഉയർന്നതലത്തിലേക്ക് വളർത്താൻ സഹായിക്കേണ്ടതുണ്ട്. ഈ ദിശയിലുള്ള പ്രവർത്തനങ്ങൾ സ്കൂൾ അക്കാദമിക മാസ്റ്റർപ്ലാനിൽ ഉൾപ്പെടുത്തിക്കൊണ്ട് നിർവ്വഹിച്ചു വരുന്നു.

Namitha

**സെക്ഷൻ ഓഫീസർ**